(സി-ഇ) തിരുവല്ല കോഴഞ്ചേരി എന്നിവിടങ്ങളിൽ നിന്നും ചരൽകുന്നിലേക്ക് പോകുന്ന പി.ഡബ്ലിയു.ഡി.യുടെ അധീനതയിലുള്ള കുമ്പനാട്-ചെറുകോൽപുഴ റോഡിന്റെ പണികൾ പൂർത്തിയായിക്കഴിഞ്ഞു.

ആനോത്ത് പാലത്തിന്റെ നിർമ്മാണം

123 (2103) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽപ്പെട്ട ആനോത്ത് പാലത്തിന്റെ നിർമ്മാണത്തിനും ഇരുവശത്തുമുള്ള റോഡുകൾക്കും കഴിഞ്ഞ ഓരോ സാമ്പത്തിക വർഷവും എത്ര രൂപവീതം നീക്കിവെച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പാലത്തിന്റേയും റോഡുകളുടേയും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ എത്ര രൂപയുടെ എസ്റ്റിമേറ്റാണെന്ന് വ്യക്തമാക്കാമോ ;

(ഡി) നിർമ്മാണത്തിന് ആവശ്യമായ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി കഴിഞ്ഞുവോ ;

(ഇ) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) വയനാട് ജില്ലയിൽപ്പെട്ട ആനോത്ത് പാലത്തിന്റെ നിർമ്മാണത്തിനും ഇരുവശത്തുമുള്ള റോഡുകൾക്കും 1998-99 സാമ്പത്തിക വർഷത്തിൽ 5 ലക്ഷം രൂപയും 1999-2000 സാമ്പത്തിക വർഷത്തിൽ 8 ലക്ഷം രൂപയും നീക്കി വെച്ചിരുന്നു.

(ബി) ഉണ്ട്.

(സി) പാലത്തിന് 150 ലക്ഷം രൂപയും റോഡിന് 160 ലക്ഷം രൂപയും.

(ഡി) ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രത്യേകാനുമതി നൽകിയിട്ടില്ല.

(ഇ) പ്രത്യേകാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

മേപ്പാടി-നിലമ്പൂർ റോഡ്

124 (2104) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയും മലപ്പുറം ജില്ലയും തമ്മിൽ ബന്ധിപ്പിക്കുന്ന മേപ്പാടി-നിലമ്പൂർ റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ ;

(ബി) ഈ റോഡിന്റെ സർവ്വേയ്ക്കും നിർമ്മാണത്തിനും ഏതൊക്കെ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എത്ര തുക വീതമാണ് വകയിരുത്തിയതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly